**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **08/11/2016 ൽ**
**നിയമസഭാ ചോദ്യം നം. 6466** **മറുപടിയ്ക്ക്**

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വായ്പാ കുടിശ്ശിക**

**ചോദ്യം**
**ശ്രീ.എം.വിൻസെന്റ്**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ബ്ലാക്ക് സ്മിത്ത് ആന്റ് കാർപെന്ററി വ്യവസായം നടത്തുന്നതിന് 1995-2005 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുത്ത് കച്ചവടം നഷ്ടത്തിലായ അൻപതു മുതൽ എഴുപത് വയസ്സ് വരെ പ്രായമുള്ളവർക്ക് എതിരായി ജപ്തി നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ റവന്യൂ അധികാരികൾ മുഖാന്തിരം ഖാദി ബോർഡ് നടത്തി വരുന്നുണ്ട്. ഇത്തരം നടപടികൾക്ക് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കുടുംബങ്ങളെ രക്ഷിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനുമായി വായ്പ കുടിശ്ശികയായി കണക്കാക്കിയിരിക്കുന്ന പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി, മുതൽ വൺ ടൈം സെറ്റിൽമെന്റ് പ്രകാരം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാരിന് കഴിയുമോ ; | (ബി) | പാറ്റേൺ പദ്ധതി പ്രകാരം പിഴപ്പലിശ ഒഴിവാക്കി വൺ ടൈം സെറ്റിൽമെന്റ് പ്രകാരം തിരിച്ചടവ് സ്വീകരിക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. അതിനായി മുതലും പലിശയും അടയ്ക്കേണ്ടതാണ്. കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പദ്ധതിയും ധനസഹായവും ആയതിനാൽ ഈ കാര്യങ്ങൾ ഖാദി കമ്മീഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ